# ആമുഖം

ഇന്ത്യ റിപ്പബ്ലിക്കായ 1950 ന ശേഷവും മുതുകുളത്ത് ഒരു ഹൈസ്കൂളിന്റെ അഭാവം ഒരു പോരായ്മ തന്നെ

ആയിരുന്നു.മിഡിൽസ്കൂൾ വിദ്യാഭ്യാസനന്തരം ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും തുടർന്നു പഠിക്കുവാനുള്ള

സാഹചര്യം ഇല്ലാതെ പഠിത്തം അവസാനിപ്പിക്കേണ്ടിവന്നു. അത് പ്രധാനമായും രണ്ട് കാരണങ്ങളാലാണ് .

പത്ത് മൈലെങ്കിലും ദൂരമുള്ള കായംകുളത്തോ, ഹരിപ്പാട്ടോ, മാവേലിക്കരയോ, കരുവാറ്റയോ

പോയിപ്പഠിക്കുന്നതിനു വേണ്ട സഞ്ചാര സൗകര്യമോ സാമ്പത്തിക ശേഷിയോ ഏറെപ്പേർക്കും

ഇല്ലാത്തതായിരുന്നു ഒരു കാരണം. അന്ന് 6 രൂപ ഫീസ് കൊടുക്കുക നിസ്സാരകാര്യമല്ല.

വിദ്യാഭ്യാസ, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ പ്രഗത്ഭരായ വ്യക്തികളുടെ

ജന്മംകൊണ്ടും , കർമ്മം കൊണ്ടും അനുഗ്രഹീതമായ മുതുകുളത്ത് എത്രയും വേഗം ഒരു ഹൈസ്കൂൾ

സ്ഥാപിക്കണം എന്ന ചിന്ത പൗരമുഖ്യന്മാരെ വേട്ടയാടി. പര്യാപ്തമായ സ്ഥലം , കെട്ടിടം

എന്നിവയ്ക്കുണ്ടാകാവുന്ന ചെലവ് വ അന്നത്തെ നിലയിൽ ഭാരിച്ച തായിരുന്നു. മുതുകുളം ഇടശ്ശേരിയിൽ ശ്രീ

ഇ.എൻ. കേശവപിള്ള അവർകളുടെ നേതൃത്വത്തിൽ 1950 ൽ രൂപീകരിച്ച മുതുകുളം ഹൈസ്കൂൾ കമ്മിറ്റി

നിലവിൽ വന്നു. 1951 ജൂൺ 4 ന് രജിസ്ട്രേഡ് ഉടമ്പടി പ്രകാരം ചില ഇല്ല ലിഖിത നിയമവ്യവസ്ഥകൾക്കു

വിധേയമായി മുതുകുളം പുന്നശ്ശേരി മുന്നില 184 ആം നമ്പർ എൻഎസ്എസ് കരയോഗ മന്ദിരത്തിൽ

പ്രശസ്ത അത് വ്യക്തികളുടെയും വിദ്യാർത്ഥികളുടെയും സാന്നിധ്യത്തിൽ പാണ്ഡവർ കാവ്

മേൽശാന്തിയുടെ പൂജകൾക്കുശേഷം ശുഭമുഹൂർത്തത്തിൽ ആരംഭം കുറിച്ചു. അനന്തരം 1952 - ൽ

ഭരണഘടനയുണ്ടാക്കി ഹൈസ്കൂൾ സമാജം പ്രവർത്തനം ആരംഭിച്ചതോടെ കൂടിയാണ് ഹൈസ്കൂൾ എന്ന

ദീർഘകാല സ്വപ്നം സഫലമാകുന്നത്. ഉദാരമതികളിൽനിന്നും സംഭാവന സ്വീകരിച്ചും , ഉൽപ്പന്നപ്പിരുവു

നടത്തിയുമാണ് സ്കൂൾ നിർമ്മാണത്തിന് ധനം സ്വരൂപിച്ചത്.

സമാജത്തിന്റെയും സമാജം വക സ്കൂളിന്റെയും ഉടമസ്ഥാവകാശം മുതുകുളം , ആറാട്ടുപുഴ,

കണ്ടല്ലൂർ, പത്തിയൂർ, കീരിക്കാട് എന്നീ വില്ലേജുകളിൽ നിന്നും സമാജത്തിൽ അംഗമായവരിൽ

നിക്ഷിപ്തമാണ്. മുൻ PSC ചെയർമാൻ ശ്രീ ഏ.പി ഉദയഭാനു, മുൻ ധനമന്ത്രി ശ്രീ തച്ചടി പ്രഭാകരൻ , ശ്രീ

തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള , ശ്രീ കെ . ഭാനു Ex. MLA തുടങ്ങിയ നിയ മഹത് വ്യക്തികൾ മുതുകുളം

ഹൈസ്കൂൾ സമാജം അംഗങ്ങളായിരുന്നു. സർവ്വശ്രീ E N കേശവപിള്ള, മലയിൽ കുട്ടൻ വൈദ്യൻ ,

കുന്നേൽ കുഞ്ഞുപിള്ള സാർ , അമ്പഴവേലിൽ വേലായുധൻപിള്ള , അഡ്വ. കളത്തിലേത്ത് ആർ .

കേശവപിള്ള , മേവിള സി.കെ. നാരായണപിള്ള , അറയ്ക്കൽ എം.കെ കുട്ടൻ , മങ്ങാട്ടു

കരുണാകരപ്പണിക്കർ , ശ്രീ വിലാസത്ത് അക്ബർ ശങ്കരപ്പിള്ള തുടങ്ങിയവരുടെ ആരുടെ സേവനം

എക്കാലവും സ്മരണീയമാണ്.

സമാജം അംഗങ്ങളിൽനിന്ന് വ്യവസ്ഥാപിതമായി തെരഞ്ഞെടുക്കുന്ന 16

അംഗങ്ങളുംമുതുകുളം പൊന്നശ്ശേരി മുന്നിലാ 184 ആം  നമ്പർ എൻഎസ്എസ് കരയോഗത്തിൽ

രജിസ്റ്റേഡ് ഉടമ്പടിയനുസരിച്ച് സംവരണം ചെയ്തിട്ടുള്ള രണ്ടുപേരും ഉൾപ്പെടെ 18 അംഗങ്ങളുള്ള

ഭരണസമിതിയാണ് സമാജത്തിന്റെയും സമാജം വക സ്കൂളിന്റെയും ഭരണം നിർവ്വഹിക്കുന്നത്.

അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും ,

ഹയർസെക്കണ്ടറിക്കും , വൊക്കേഷണൽ ഹയർസെക്കണ്ടറിക്കും വെവ്വെറെ കമ്പ്യൂട്ടർ ലാബുകൾ ഉണ്ട്.

മൂന്ന് ലാബുകളിലുമായി ഏകദേശം ഇരുപത്തിയഞ്ചോളം കമ്പ്യൂട്ടറുകളുണ്ട്. മൂന്ന് ലാബുകളിലും

ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ഹൈസ്കൂളിന്റെ ആറ് ക്ലാസ്സ്മുറികളും

ഹയർസെക്കന്ററിയുടെ ആറ് ക്ലാസ്സ് മുറികളും , വൊക്കേഷണൽ ഹയർസെക്കന്ററിയുടെ അഞ്ച് ക്ലാസ്സ്

മുറികളും ഹൈടെക്ക് ആണ്.

## പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്.
- എൻ.സി.സി
- ക്ലാസ് മാഗസിൻ.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ക്ലബ്ബ് പ്രവർത്തനങ്ങൾ.
- എൻ എസ് എസ്
- ജൂനിയർ റെഡ് ക്രോസ്
- ലിറ്റിൽ കൈറ്റ്സ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഹിന്ദി

**ലക്ഷ്യം:-**

- എല്ലാ വിദ്യാർത്ഥികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദി എഴുതാനും, വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക
- രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക

## പ്രവർത്തനങ്ങൾ

**ഹിന്ദി വായന**

കുട്ടികളുടെ അധിക വായന ലക്ഷ്യമാക്കി ഹിന്ദി കഥാബുക്കുകൾ, ചിത്രകഥകൾ, ബാലമാസികകൾ എന്നിവ കുട്ടികൾക്ക് ലഭ്യമാക്കുക. ദേശീയഗാനം, പ്രതിജ്ഞ എന്നിവ സ്ഥിരമായി വായിക്കുവാൻ അവസരം നൽകുക.

**ഹിന്ദി എഴുത്ത്**

പ്രദർശന സാമഗ്രികൾ പ്രദർശിപ്പിക്കുന്നതിനായി ചുമർപത്രിക തയ്യാറാക്കുക. കുട്ടികളുടെ രചനകൾ കൂട്ടിച്ചേർത്ത് ക്ലാസ് മാസികകൾ തയ്യാറാക്കും.

**ഹിന്ദി അസംബ്ലി**

മാസത്തിൽ ഒരു പ്രാവശ്യം ഹിന്ദി അസംബ്ലി നടത്തും. അവതരണത്തിനുള്ള അവസരം വിദ്യാർത്ഥികൾക്ക് മാറിമാറി നൽകും.

**ഹിന്ദി മത്സരങ്ങൾ**

ഹിന്ദിയിൽ പാടാനും, പറയാനും, എഴുതാനും മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും. മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകും

**ദിനാചരണങ്ങൾ**

പരിസ്ഥിതി ദിനം, ഹിന്ദി ദിനം, ശിശുദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദിയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തും.

**ഹിന്ദി ക്ലബ്ബ്**

ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ടി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും.

**വിവരസാങ്കേതികവിദ്യ**

ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ, ശ്രവ്യ സാമഗ്രികൾ കുട്ടികൾക്ക് എത്തിക്കുന്നതിനായി വിവര സാങ്കേതികവിദ്യ വിനിയോഗിക്കും .ഭിന്നഷശേഷി കുട്ടികൾക്കായുള്ള പ്രത്യേക പ്രോഗ്രാമുകൾ.

# ഗണിതം

പദ്ധതിയുടെ പേര് : **ലളിതം ഗണിതം**

**അവസ്ഥാ വിശകലനം**

കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിനായി ടെസ്റ്റ് നടത്തി പഠനനിലവാരം ഓരോ കുട്ടിയുടേയും ഗണിതാദ്ധ്യാപിക വിലയിരുത്തുന്നു.

**ലക്ഷ്യം**

ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിച്ചുകൊണ്ടും ഗണിതത്തെ ലളിതമായും നിത്യജീവിതവുമായി ബന്ധിപ്പിച്ചും അവതരിപ്പിച്ചുകൊണ്ട് കുട്ടികളിൽ ഗണിതാഭിരുചിയും, താൽപ്പര്യവും വളർത്തുകയും ഗണിതശേഷി കൈവരിക്കുകയും ചെയ്യുക.

| | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1 | ഗണിതശാസ്ത്രത്തിൽ പിന്നോക്കമായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം | വർഷം മുഴുവൻ | ഗണിത അദ്ധ്യാപകർ/തിരഞ്ഞെടുത്ത കുട്ടികൾ |
| 2 | ഗണിതപൂക്കളം, വിവധയിനം ചാർട്ടുകൾ കുട്ടികളിൽ നിർമ്മിതികളിലെ താൽപ്പര്യം ജനിപ്പിക്കൽ | ഒന്നാം ടേം | ഗണിത അദ്ധ്യാപകർ/ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 3 | ഗണിതം അനായാസവും രസകരവും ആക്കുന്ന വിധം വിദഗ്ദ്ധരുടെ പ്രത്യേക ക്ലാസ്സുകൾ | വർഷത്തിൽ ഒരു പ്രാവശ്യം | ക്ലബ്ബ് കൺവീനർ |
| 4 | ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ, ഗമിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ, പസ്സിലുകൾ, കുസൃതികണക്കുകൾ. ഗണിതക്ലബ്ബ് ആഭിമുഖ്യത്തിൽ ഗണിതമാഗസിൻ, ഗണിത അസംബ്ലി ഇവ സംഘടിപ്പിക്കൽ | ആദ്യ രണ്ടു ടേമുകളിൽ | ക്ലബ്ബ് അംഗങ്ങളും ഗണിത താൽപ്പര്യം ഉള്ള എല്ലാ വിദ്യാർത്ഥികളും |
| 5 | ഗണിത ലാബ് ക്രമീകരിക്കൽ | ആഗസ്റ്റ്-സെപ്റ്റംബർ | ഗണിതക്ലബ്ബ്അംഗങ്ങൾ/ അദ്ധ്യാപകർ |
| 6 | വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | വർഷം മുഴുവനും | ഗണിതാദ്ധ്യാപകരും സമർത്ഥരായ വിദ്യാർത്ഥികളും |
| 7 | ഭിന്നശേഷി കുട്ടികൾക്ക് അവർക്ക് ആർജ്ജിക്കാനാവുന്ന ശേഷി നേടിയെടുക്കൽ | വർഷം മുഴുവനും | ഗണിതാദ്ധ്യാപകരും , സമർത്ഥരായ വിദ്യാർത്ഥികളും |
| 8 | ഗണിതശാസ്ത്രമേളയിലെ സജീവപങ്കാളിത്തത്തിലൂടെ കുട്ടികളിൽ ഗണിതാഭിമുഖ്യം വളർത്തുക | വർഷത്തിൽ ഒരിക്കൽ | ഗണിതാദ്ധ്യാപകരും , ഗണിതകുതുകികളാ വിദ്യാർത്ഥികളും |

| | | | |
|---|---|---|---|
| 9 | ഐ സി റ്റി സാദ്ധ്യതകളുപയോഗിച്ച് ഗണിത പരിശീലനം, ജിയോജിബ്ര മുതലായവ | വർഷം മുഴുവനും | ഗണിതാദ്ധ്യാപകർ |
| 10 | ഗണിത പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്നും തിരഞ്ഞെടുത്ത് വായന | വർഷം മുഴുവനും | കുട്ടികൾ |

# ACADEMIC MASTER PLAN

## പദ്ധതിയുടെ പേര്-ശാസ്ത്രപോഷണം

### അവസ്ഥാ വിശകലനം

ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ അവതരിപ്പിക്കുമ്പോൾ ശാസ്ത്രത്തിനോടുള്ള കുട്ടികളുടെ അഭിരുചി വർദ്ധിപ്പിക്കുന്നതായി കണ്ടു വരുന്നു. എന്നാൽ എല്ലാ പരീക്ഷണങ്ങളും സിദ്ധാന്തങ്ങളും ലാബിലെ സാമഗ്രികളുടെ അപര്യാപ്തതമൂലം കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നില്ല. അതുമൂലം ശാസ്ത്രസംബന്ധമായ വിവരങ്ങൾ സ്വാംശീകരിക്കുന്ന ഒന്നായി ശാസ്ത്രപഠനം മാറുന്നു. അതിനാൽ ശാസ്ത്രത്തെ സമീപിക്കാൻ സസജ്ജവും നവീനവുമായ ഒരു ലാബ് അത്യന്താപേക്ഷിതമാണ്.

### പ്രതീക്ഷിത നേട്ടങ്ങൾ

- ശാസ്ത്ര അഭിരുചി വളർത്തൽ
- ശാസ്ത്രപഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച പഠനം എളുപ്പാക്കൽ
- വിവിധതരം പരീക്ഷണങ്ങൾ കാണാനും ചെയ്യാനുമുള്ള അവസരം
- പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളെ അത് മറികടക്കാൻ പ്രാപ്തമാക്കുന്നു.
- ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ
- മോഡൽ നിർമ്മാണം
- ചോദ്യപേപ്പർ ശിൽപ്പശാല
- കൃഷിയുടെ മഹത്വം തിരിച്ചറിയുന്നതിനും , മണ്ണിനും,ജീവനും അനുകൂലമായ കൃഷിരീതികൾ വികസിപ്പിച്ചെടുക്കൽ, കൃഷിചെയ്യുവാനുള്ള കഴിവ്, താൽപ്പര്യം എന്നിവ വളർത്തിയെടുക്കൽ

| sl no. | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവഹ കാലഘട്ടം |
|---|---|---|---|

| | | | |
|---|---|---|---|
| | ശാസ്ത്രലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | 1 മാസം |
| 2 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്രതത്ത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയ ുള്ള കുട്ടികളുടെ അവതരണം , സ്ക്കൂൾതല സയൻസ് എക്സിബിഷൻ<br>ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്ത് പഠനം<br>സർവ്വെ, അഭിമുഖം, നിരീക്ഷണം | വർഷത്തി ൽ 1 തവണ |
| 3 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തി ൽ 1 തവണ |
| 4 | പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക്<br>പ്രത്യേക പരിശീലനം | അദ്ധ്യാപകൻ-കുട്ടി, കുട്ടി-കുട്ടി എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയി ൽ 2 ദിവസം |
| 5 | ചോദ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിക്കൽ | തിരഞ്ഞെടുത്ത കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ | 3 മാസം |
| 6 | ശാസ്ത്ര പോഷണം | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ആചരിക്കുന്നു. ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രക്കുറുപ്പ് തയ്യാറാക്കൽ, സയൻസ് ഡയറിയിൽ സമകാലീന ശാസ്ത്ര വാർത്തകൾ കൂട്ടിച്ചേർക്കൽ | മാസത്തി ൽ 1 തവണ |
| 7 | കൃഷിയോടുള്ള കുട്ടികളുടെ താൽപ്പര്യം<br>വളർത്തിയെടുക്കൽ | പ്രാദേശികവും പാരിസ്ഥിതികവുമ ായ നാട്ടറിവുകൾ തുടങ്ങിയവ കണ്ടെത്തുന്നതിനും പരിശീലിക്ക ാനുമുള്ള അവസരങ്ങൾ ഉണ്ടാക്കൽ | അക്കാദമ ിക വർഷം |

## ACADEMIC MASTER PLAN

### പദ്ധതിയുടെ പേര്- ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ

### അവസ്ഥാവിശകലനം

വിവിധ സാമൂഹിക പരിഷ്ക്കർത്താക്കളെക്കുറിച്ച് കുട്ടികൾക്ക് കൃത്യമായ അറിവില്ല എന്ന് ബോദ്ധ്യമായതിന്റെ ഫലമായി വിവിധ സാമൂഹിക പരിഷ്ക്കർത്താക്കളുടെ ആശയങ്ങൾ കുട്ടികൾക്ക് വളരെ എളുപ്പത്തിൽ മനസ്സിലാക്കുന്നതിന് വേണ്ടിയും.

പല അദ്ധ്യായങ്ങളിലും പരാമർശിച്ചിട്ടുള്ള ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും സ്ഥലങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിനും കുട്ടികൾക്ക് സാധിക്കുന്നില്ല എന്ന് മനസ്സിലാവുകയും ഇത് പരിഹാരിക്കുന്നതിനും ഭൂപട വായന കുട്ടികളിൽ വളർത്തി എടുക്കുന്നതിനും.

സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ ക്രോഡീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

### പ്രതീക്ഷിത നേട്ടങ്ങൾ

- പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക.
- ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക
- സാമൂഹ്യശാസ്ത്രതത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക
- മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക, സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക.
- ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക.
- കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക.
- വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ എന്നിവയെ പരിചയപ്പെടുക.

| | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|---|
| 1 | കാടുംമേടും | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു |
| 2 | വയൽകിളികൾ | സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | നിശ്ചയിച്ച തീയതികളിൽ |
| 3 | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ | സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം |
| 4 | പട്ടു പാതയിലൂടെ | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൽ കാഴ്ച വെക്കുന്നു. അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാകുന്നു. | വർഷം മുഴുവനും |
| 5 | ചരിത്ര കൊട്ടാരം | വിവിധമേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും, കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും |
| 6 | ഒന്നായി നമ്മൾ | സ്കൂൾ പാർലമെന്റ്, മേക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ |

<u>അക്കാദമിക മികവിനായി ചെയ്യുന്ന പ്രവർത്തനങ്ങൾ</u>

1. **ലൈബ്രറി വികസനം**

പദ്ധതിയുടെ പേര് : വായനാവസന്തം

**അവസ്ഥാവിശകലനം**

എട്ടാം ക്ലാസ്സിലേക്കെത്തുന്ന എല്ലാ കുട്ടികളും എഴുത്തും വായനയും അറിയുന്നവരല്ല. അവർക്ക് പുസ്തകം എടുത്തു വായിക്കുന്നതിനുള്ള സൗകര്യമില്ല. അവരെ കണ്ടെത്തി പുസ്തകം നൽകുന്നതിനുള്ള സംവിധാനം ചെയ്യുക.വിദ്യാലയത്തിൽ ഒരു ലൈബ്രറി എന്ന ആശയം.

**പ്രതീക്ഷിത നേട്ടങ്ങൾ**

1. കുട്ടികളിൽ വായനാശീലം വളർത്തുക
2. ഭാഷാപരമായ നൈപുണി നേടുക
3. വായനയിൽ പ്രാവീണ്യം നേടുക
4. വായനയിൽ താൽപ്പര്യം വളർത്തുക
5. പാഠഭാഗവുമായി ബന്ധപ്പെടുത്തി അധിക വായനക്ക് ഉപയോഗപ്പെടു്ത്തതാം.
6. പൊതുവിജ്ഞാനം വളർത്താം

**പ്രവർത്തനഘട്ടങ്ങൾ**

1. പുസ്തകം ശേഖരിക്കൽ
2. ലൈബ്രറി വിപുലീകരിക്കുന്നതിനായി പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും കുട്ടികൾ, അദ്ധ്യാപകർ എന്നിവരിൽ നിന്നും സ്ക്കൂൾഫണ്ട് ഉപയോഗിച്ച് പുസ്തകം ശേഖരിക്കുന്നു.
3. കുട്ടികൾക്ക് ഇരുന്ന് വായിക്കാനാവശ്യമായ റീഡിംഗ്റൂം സജ്ജീകരിക്കൽ
4. പിന്നോക്കം നിൽക്കുന്ന കുട്ടികളെ പാട്ടുകളിലൂടെയും, കളികളിലൂടെയും വായനയിൽ താൽപ്പര്യം വളർത്തുന്നു.
5. ഓരോ ക്ലാസ്സിലേയും സമാനനിലവാരത്തിലുള്ള കുട്ടികളെ ഒരുമിച്ചിരുത്തി ലൈബ്രറി ബുക്കുകൾ വിതരണം ചെയ്യുന്നു
6. നവംബർ 1 തുഞ്ചൻ ദിനം (കേരളപ്പിറവിദിനം) എഴുത്തച്ഛനെക്കുറിച്ച് ഒരു പതിപ്പ് നിർമ്മിക്കാൻ തീരുമാനിച്ചു. ലൈബ്രറി പുസ്തകങ്ങൽ ഉപയോഗപ്പെടുത്തുന്നു.
7. എന്റെ ഗ്രാമം കുറിപ്പുകൾ തയ്യാറാക്കിക്കുന്നു.
8. ശിൽപ്പശാലകൾ, ഡയറിക്കുറിപ്പുകൾ, തുടങ്ങിയവ തയ്യാറാക്കുന്നു.
9. ലൈബ്രറി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി എന്ന ആശയം നടപ്പിലാക്കുന്നു.

**നിർവ്വഹണ കാലഘട്ടം  : ഒക്ടോബർ മുതൽ ഡിസംബർ വരെ**

ഭിന്നശേഷി കുട്ടികൾക്കുവേണ്ടി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# സംസകൃതം

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക
അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പാക്കുക
കാണുന്നതിനും കേൾക്കുന്നതിനു ഉപയോഗിക്കുന്നതിനുമായി വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.
സാഹിത്യ അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.
ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നു.

## പ്രവർത്തനങ്ങൾ

ടെസ്റ്റുകൾ നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
പതിപ്പുകൾ മാഗസിനുകൾ ചിത്ര പദഘോഷം ശബ്ദകോശം എന്നിവയുടെ നിർമ്മാണം.
സംസ്കൃത ദിനാചരണം അസംബ്ലി ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസുകൾ.
സംസ്കൃതം ഭാഷാ പ്രവർത്തനങ്ങൾ സുഗമ മായി നടത്തുന്നതിനു വേണ്ടി സംസ്കൃത ക്ലബ്ബ് രൂപീകരിക്കും.
സംസ്കൃത കലോത്സവങ്ങളിൽ കുട്ടികളെ മത്സരങ്ങളിൽ പങ്കെടുപ്പിക്കും
സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിൽ കുട്ടികളെ പങ്കെടുപ്പിക്കും.

# ENGLISH LANGUAGE LEARNING

## OBJECTIVES

- Development of taste for English literature by reading prose, poetry etc
- Drawing aesthetic pleasure from reading English, literature
- Enhance critical thinking skills through literary analysis.
- Improving reading comprehension, writing skills grammar proficiency and oral communication abilities.
- Provide opportunities for interdisciplinary learning and real-world application of language skills.

## ACTIVITIES

## ACTIVITY 1- LANGUAGE PROFICIENCY

| AIM | ACTIVITY | DURATION | IN CHARGE |
|---|---|---|---|
| Improving reading comprehension, writing skills and oral communication skills among students | 1.Engage the class in the target language<br><br>2. English language Club : Organise language focused activities such as language games, spelling bees and language competition debate, speech, seminar, recitation<br><br>3. English Assembly each class will take turns to conduct the assembly<br><br>4. Diary writing in English | Every Mails<br><br>Weekly one for one Year<br><br>Weekly once for one year<br><br>Everyday | Concerned Teacher (English)<br><br>English club secretary, class teacher in charge<br><br>English club secretary class teacher in charge |

ACTIVITY 2 ENGLISH THEATRE

| AIM | ACTIVITY | DURATION | IN CHARGE |
| --- | --- | --- | --- |
| Develop creative ability in English language<br><br>Improve grammar proficiency | 1.Literature Circles Students assigned into small groups to read and discuss different pieces of literature (from text book or otherwise) focusing on analysing themes, characters, literary devices.<br>2. Roleplay, dialogue making, skit (based on the chapter)<br>3. English news reading<br>Grammar and Language Drills<br><br>**<u>Grammar and Language Drills</u>**<br><br>Incorporate regular grammar and language exercise to reinforce grammar rules, vocabulary building and language fluency | Once in a month<br><br>Once a week<br><br>Weekly twice | English Teacher<br><br>English Teacher |
| Enhance reading skills | <u>Book Club</u><br>Encourage students to develop a reading habit and have various discussions on books of literature | Weekly Once | English Teacher |

| | | | |
|---|---|---|---|
| Showcasing the creative works of students | Literary Magazine publication<br>Collaborative efforts in producing a school literary magazine showcasing student written poetry phase and artworks. | Yearly | English Club Secretary |